**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/10726/2021-AA-II(1)

തീയതി :15-12-2022

**ക്വട്ടേഷൻ പരസ്യം**

വികാസ്ഭവൻ കോമ്പ്ലക്സിലെ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ഓഫീസിലെ EPABX സിസ്റ്റം അറ്റകുറ്റപണികൾ നടത്തി സ്ഥാപിതശേഷിയിൽ പ്രവർത്തന ക്ഷമമാക്കുന്നതിന് മുദ്ര വച്ച കവറുകളിൽ നിശ്ചിത മാതൃകയിലുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 'EPABX സിസ്റ്റം റിപ്പയർ ക്വട്ടേഷൻ' എന്ന് കവറിന് പുറത്ത് രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ഓഫീസ്, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്ന വിലാസത്തിൽ **24/12/2022 രാവിലെ 11:30** വരെ സ്വീകരിക്കുന്നതും ലഭ്യമായവ അന്നേ ദിവസം ഉച്ച കഴിഞ്ഞ് **2.00** മണിക്ക് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ ചേമ്പറിൽ പങ്കെടുക്കുന്നവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്. ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയ ആളിന്റെ പേരിൽ ക്വട്ടേഷൻ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ അന്തിമ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തിക്കിട്ടിയ ആൾ നിശ്ചിതമാതൃകയിൽ മുദ്രപത്രത്തിൽ കരാർ വയ്ക്കേണ്ടതും 5000 രൂപ ജാമ്യത്തുകയായി ഒടുക്കുവരുത്തേണ്ടതുമാണ്. ഓഫീസിൽ നിന്നും വർക്ക് ഓർഡർ ലഭിച്ചാൽ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പണിപൂർത്തിയാക്കി നൽകേണ്ടതാണ്.

EPABX സിസ്റ്റം റിപ്പയറിങ്ങിനുള്ള ചാർജ് പ്രത്യേകമായും ടെലഫോൺ പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള/പുതുതായി നൽകുന്നതിനുള്ള നിരക്ക് പ്രത്യേകമായും പരാമർശിക്കേണ്ടതാണ്. ഓഫീസ് പ്രവൃത്തി സമയങ്ങളിൽ നിലവിലുള്ള ഉപകരണത്തിന്റെ അവസ്ഥ സെക്ഷൻ ചുമതലകരുടെ സാന്നിധ്യത്തിൽ പരിശോധിക്കാവുന്നതാണ്. ക്വട്ടേഷൻ ചുവടെച്ചേർക്കുന്ന മാതൃകയിൽ നൽകേണ്ടതാണ്.

| ക്രമ നമ്പർ | ഇനവിവരം | നിരക്ക് | അഭിപ്രായക്കുറിപ്പ് (ഓഫീസ് ഉപയോഗത്തിന്) |
|---|---|---|---|
| 1 | EPABX സിസ്റ്റം റിപ്പയറിങ് | | |
| 2 | വാറണ്ടി കാലാവധി | | |
| 3 | ടെലഫോൺ മെയ്ന്റനൻസ് | | |
| 4 | പുതിയ ടെലഫോൺ | | |
| 5 | വാർഷിക മെയ്ന്റനൻസ് നിരക്ക് | | |

ക്വട്ടേഷൻ റദ്ദാക്കുന്നതിനോ മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറിൽ നിക്ഷിപ്തമാണ്. മറ്റ് സർക്കാർ ക്വട്ടേഷനുകൾക്ക് ഉള്ള എല്ലാ വ്യവസ്ഥകളും ഇതിനും ബാധകമാണ്. വിശദവിവരങ്ങൾ ആവശ്യമെങ്കിൽ ഓഫീസ് പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും നേരിട്ട് ലഭ്യമാക്കുന്നതാണ്.

ANIL KUMAR G
SENIOR ADMINISTRATIVE OFFICER
കൃഷി ഡയറക്ടർക്കു വേണ്ടി

ACCOUNTS OFFICER II
DIRECTORATE OF AGRICULTURE
THIRUVANANTHAPURAM.

പകർപ്പ്:
1) നോട്ടീസ് ബോർഡ്
2) കൃഷി ഡെപ്യൂട്ടി ഡയറക്ടർ, IT സെൽ - വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.
3) കൃഷി ഡയറക്ടറുടെ മേശമേൽ
4) SAO
5) SFO
6) വിജിലൻസ് ഓഫീസർ
7) അക്കൗണ്ട്സ് ഓഫീസർ II